മി. സ്പീക്കർ: പ്ലാനിംഗ് ബോർഡിനെ സംബന്ധിച്ചു വിശദമായി ഇവിടെ പറഞ്ഞുകഴിഞ്ഞതാണ്.

ശ്രീ. മുസ്തഫാകെമാൽ: 'ബി'ക്ക് ഉത്തരം കിട്ടിയാൽക്കൊള്ളാം.

മി. സ്പീക്കർ: അതു ആലോചിക്കാം.

അഗ്രിക്കൾച്ചറൽ കോളേജിലെ പി. എച്ച്. ഡി. കോഴ്സ്

* 37(144) ശ്രീ. വി. എസ്. അച്ചുതാനന്ദൻ
,, പി. കെ. കുഞ്ഞച്ചൻ
,, കെ. ഐ. രാജൻ
,, എം. സദാശിവൻ
,, പാലൊളി മുഹമ്മദുകുട്ടി
,, ഈ. പി. കൃഷ്ണൻ നമ്പ്യാർ
,, സി. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രിക്കൾച്ചറൽ കോളേജിൽ പി. എച്ച്. ഡി. കോഴ്സ് എന്നു മുതൽ ആരംഭിക്കുകയുണ്ടായി;

(ബി) ആദ്യമായി പ്രവേശനം നൽകിയതാർക്കാണ്; ഇതിനകം എത്ര പേർക്ക് പ്രവേശനം നൽകി;

(സി) പ്രസ്തുത കോഴ്സിനു ചേർന്ന ആരെയെങ്കിലും യൂണിവേഴ്സിറ്റിയിൽ റിസർച്ചിന് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ്;

(ഡി) പ്രസ്തുത റിസർച്ചിനു വരുന്ന ചെലവ് ഏതു രീതിയിൽ ഈടാക്കുകയുണ്ടായി?

ജലസേചനവും കൃഷിയും മന്ത്രി (ശ്രീ. ഓ. കോരൻ): 1965 സെപ്റ്റംബർ മുതൽ.

(ബി) ആദ്യമായി സർവ്വശ്രീ വി. ഗോപാലസ്വാമി, കെ.എം. സുകുമാരൻ, കെ. രാമകൃഷ്ണൻ നായർ, ഈ. പത്മനാഭൻ നമ്പ്യാർ എന്നിവർക്ക് പ്രവേശനം നൽകിയിട്ടുണ്ട്. ആകെ ആറുപേർക്ക് പ്രവേശനം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: അഗ്രിക്കൾച്ചറൽ കാളേജിൽ പി. എച്ച്. ഡി. കോഴ്സ് നിലവിലില്ലാതെ, ആ കോഴ്സിനു വേണ്ടി ശ്രീ. എം. പി. അശോകൻ എന്ന ഒരാളെ അഡ്മിറ്റ് ചെയ്യുകയും, അവിടെ നിലവിലില്ലാത്ത കോഴ്സ് പഠിപ്പിക്കാൻ കഴിയുകയില്ലെന്നു പ്രിൻസിപ്പൽപറയുകയും ചെയ്തിട്ടില്ലേ? യൂണിവേഴ്സിറ്റിയുടെ പ്രത്യേക സാംഗ്ഷനോടുകൂടി അങ്ങനെ ഒരാളെ എടുത്തതായി ഗവൺമെന്റിന് അറിവുണ്ടോ?

ശ്രീ. ഓ. കോരൻ: അങ്ങനെ ഒരാളിന് ശ്രീ. എം. പി. അശോകനു, യൂണിവേഴ്സിറ്റി തെരഞ്ഞെടുത്തതിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നൽകിയിട്ടുണ്ട്. അത്, പ്രത്യേകിച്ച് ഇതിനു ക്ലാസു കൊടുക്കുന്നതായ ഡാക്ടർ എ. എബ്രഹാമും, ശ്രീ. സി. കെ. നായരും ശുപാർശ ചെയ്തതനുസരിച്ചാണ് അഗ്രിക്കൾച്ചറൽ സയൻസ് റിസർച്ചിനു പ്രവേശനം നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. ബാലകൃഷ്ണൻ: നിലവിലില്ലാത്ത കോഴ്സിന് അഡ്മിറ്റ് ചെയ്യുകയും, പിന്നീട് അയാളെ യൂണിവേഴ്സിറ്റിയിൽ നിന്നു ഡെപ്യൂട്ടു ചെയ്തത് ഗവൺമെന്റ് ചെലവിൽ വിദേശത്തേയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ടോ?

ശ്രീ. ഓ. കോരൻ: അഞ്ചാറുമാസത്തെ കോഴ്സ് കഴിഞ്ഞതിനു ശേഷം പുറത്തേയ്ക്ക് അയച്ചിട്ടുണ്ട്. അതിനു ശേഷം അദ്ദേഹം കോഴ്സ് കംപ്ലീറ്റ് ചെയ്യാത്തതുകൊണ്ട് പര്യടനം നിറുത്തിവയ്ക്കുകയാണ് ചെയ്തത്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: അദ്ദേഹത്തിനു മാസം 175 രൂപാ സ്റ്റൈപ്പൻറ് എന്നുള്ള നിലയിൽ പ്രത്യേകമായി ഗവൺമെൻറ് അനുവദിക്കുകയും, അദ്ദേഹം ഈ തുക മേടിക്കുകയും ചെയ്തിട്ടുണ്ടോ?

ശ്രീ. ഓ. കോരൻ: അദ്ദേഹത്തിനു കൊല്ലത്തിൽ 2,000 രൂപാ സ്റ്റൈപ്പൻറ് അനുവദിച്ചിരുന്നു. അതനുസരിച്ചുള്ള തുക അദ്ദേഹം കോഴ്സ് കംപ്ലീറ്റ് ചെയ്യുന്ന കാലഘട്ടത്തിൽ നൽകുന്നതാണ്.

ശ്രീ. കെ. ഐ. രാജൻ: ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഒരു നേതാവായ വെളിയം ഭാർഗവന്റെ ഭാര്യാ സഹോദരനാണ് ഈ അശോകൻ എന്നുള്ളതുകൊണ്ടാണ് അദ്ദേഹത്തിന് അഡ്മിഷൻ കിട്ടിയിട്ടുള്ളതെന്ന ആരോപണം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഓ. കോരൻ: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ഈ. ചന്ദ്രശേഖരൻ നായർ: പി. എച്ച്. ഡി. കാർക്ക് റിസർച്ചിനുവേണ്ടി അഡ്മിഷൻ കൊടുക്കുന്നതും സ്കാളർഷിപ്പ് കൊടുക്കുന്നതും ഗവൺമെൻറാണോ, യൂണിവേഴ്സിറ്റിയാണോ?

ശ്രീ. ഓ. കോരൻ: യൂണിവേഴ്സിറ്റിയാണ്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഈ എം. പി. അശോകനെ ഈ കോഴ്സിലേയ്ക്ക് തെരഞ്ഞെടുത്തസമയത്ത്, അഗ്രിക്കൾച്ചറൽ കോളേജിൽ ഈ കോഴ്സ് ഇല്ലാതിരുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ അയാൾക്ക് ബോട്ടണി ഡിപ്പാർട്ടുമെൻറിൽ പഠിക്കുന്നതിനും മറ്റും വേണ്ടിയുള്ള മുഴുവൻ ചെലവും അഗ്രിക്കൾച്ചറൽ കോളേജ് വഹിക്കുന്നതാണെന്നും കാണിച്ച് ഗവൺമെൻറിൽനിന്ന് ഒരു സ്പെഷ്യൽ ജി. ഓ. പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. ഓ. കോരൻ: ഒരു പ്രത്യേക വിഷയമെടുത്ത് റിസർച്ച് ചെയ്യാൻ വേണ്ടിയാണ് ഇദ്ദേഹത്തെ തെരഞ്ഞെടുത്തത്. അഗ്രിക്കൾച്ചറൽ റിസർച്ച് സയൻസ് ഒരു പ്രത്യേക കോഴ്സാണ്. അത് ഈ സ്റ്റേറ്റിൽ നടത്തേണ്ടതു് ആവശ്യമാണെന്നു കണ്ടതുകൊണ്ടാണ് ഈ കോഴ്സിനു അദ്ദേഹത്തെ തിരഞ്ഞെടുത്തത്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: എന്റെ ചോദ്യം അങ്ങനെയൊരു സ്പെഷ്യൽ ജി. ഒ. പുറപ്പെടുവിച്ചിട്ടുണ്ടോ എന്നാണ്.

ശ്രീ. ഓ. കോരൻ: അതിനു പ്രത്യേകം ചോദ്യം ചോദിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ബഹുമാനപ്പെട്ട രാജൻ ചോദിച്ചത് ശ്രദ്ധയിൽപ്പെട്ടില്ലെന്നു പറഞ്ഞു. ഈ എം. പി. അശോകൻ വെളിയം ഭാർഗവന്റെ ഭാര്യാസഹോദരനാണെന്നുള്ള കാര്യം ഗവൺമെന്റിന് അറിയാമോ?

ശ്രീ. ഓ. കോരൻ: അറിഞ്ഞുകൂടെന്നാണു പറഞ്ഞത്.

പ്രവർത്തനം മുടങ്ങിക്കിടക്കുന്ന ജലസേചനപദ്ധതികൾ

* 38 (145) ശ്രീ. വി. കുട്ടിക്കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ?

(എ) ആവശ്യമായ ഫണ്ടില്ലാത്തതിന്റെ പേരിൽ പ്രവർത്തനം മുടങ്ങിക്കിടക്കുന്ന ഏതെല്ലാം ജലസേചന പദ്ധതികൾ ഈ സംസ്ഥാനത്തുണ്ട്.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര ഗവൺമെന്റിൽനിന്ന് ജലസേചനപ്രവർത്തനങ്ങൾക്കായി വല്ല സംഖ്യയും അനുവദിച്ചുകിട്ടുകയുണ്ടായോ;

(സി) ചെറുകിട ജലസേചന പദ്ധതികളുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനും ആരംഭിക്കാത്തവ ഉടനെ ആരംഭിക്കുന്നതിനും ഒരു പ്രത്യേകവാരം കൊണ്ടാടുന്ന കാര്യം പരിഗണിക്കാമോ?

ജലസേചനവും കൃഷിയും മന്ത്രി (ശ്രീ. ഓ. കോരൻ):

(എ) പ്രവർത്തനം മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഒന്നും തന്നെയില്ല.

(ബി) വൻകിട ജലസേചന പദ്ധതികൾക്കായി 180 ലക്ഷം രൂപയും, ചെറുകിട ജലസേചന പദ്ധതികൾക്കായി 50 ലക്ഷം രൂപയും കൂടുതലായി കേന്ദ്രം അനുവദിച്ചിട്ടുണ്ട്.

(സി) ഒരു പ്രത്യേകവാരം കൊണ്ടാടുന്നതുകൊണ്ട് ചെറുകിട ജലസേചന പദ്ധതികളുടെ പ്രവർത്തനം ത്വരിതപ്പെടുത്താമെന്നു ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. എം. മൊയ്തീൻകുട്ടിഹാജി: മലപ്പുറം ജില്ലയിലെ പല ചെറുകിട ജലസേചന പദ്ധതികളും ഫണ്ടില്ലാത്തതുകൊണ്ട് മുടങ്ങിക്കിടക്കുകയാണ്. ഇത്തരം പദ്ധതിയുടെ പ്രവർത്തനങ്ങൾ തുടർന്നു നടത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ഓ. കോരൻ: അവിടുത്തെ ജലസേചന പദ്ധതികളുടെ പ്രവർത്തനം മുടങ്ങിക്കിടക്കുന്നതായി ഗവൺമെന്റിന് അറിവില്ല.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: തിരുവനന്തപുരം ജില്ലയിൽ മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങളെ ആശ്രയിച്ചാണ് കൃഷിപ്പണി നടത്തുന്നത്. ഇപ്പോൾ മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങൾ സ്തംഭിച്ചു കിടക്കുന്ന സ്ഥിതിക്ക് കൂടുതൽ തുക ഈ ജില്ലയിലേക്ക് അലോട്ട് ചെയ്യാൻ വേണ്ട ഏർപ്പാട് ഉണ്ടാക്കുമോ?

ശ്രീ. ഓ. കോരൻ: മൈനർ ഇറിഗേഷൻ പദ്ധതികൾക്ക് പ്രത്യേകിച്ച് 50 ലക്ഷം രൂപാ ആവശ്യപ്പെട്ടതു നമ്മുടെ മുടങ്ങിപ്പോയ പദ്ധതികൾക്കായിരുന്നു. തിരുവനന്തപുരം ജില്ലയിലെ കാര്യം പ്രത്യേകിച്ച് ചോദിച്ചാലേ പറയുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly